## പതിനാലാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 139** — **25.04.2017-ൽ മറുപടിക്ക്**

## ജിഷ്ണു പ്രണോയിയുടെ മരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. കെ. ബഷീർ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) പാമ്പാടി നെഹ്റുകോളേജിലെ വിദ്യാർത്ഥിയായിരുന്ന ജിഷ്ണു പ്രണോയിയുടെ മരണം സംബന്ധിച്ച് അന്വേഷണസംഘത്തിന്റെ കണ്ടെത്തൽ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) പാമ്പാടി നെഹ്റു കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് റിസർച്ച് സെന്ററിൽ ഒന്നാം സെമസ്റ്റർ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന ജിഷ്ണു പ്രണോയ് KTU പരീക്ഷ പെട്ടെന്ന് പുനഃക്രമീകരിച്ചത് മൂലം അന്യ സംസ്ഥാനത്തുള്ളവരും, വിദേശത്ത് പോയവരുമായ വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് വിദ്യാർത്ഥികളെ ദ്രോഹിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവണതക്കെതിരെ വാട്ട്സ് ആപ്പ്, ഈമെയിൽ, ഓൺലൈൻ പെറ്റീഷൻ, മീഡിയ എന്നിവ മുഖാന്തിരവും മറ്റും പ്രതികരിക്കുകയും ആയതിന് നേതൃത്വം നൽകുകയും ചെയ്യുതിലുള്ള വിരോധത്താലും ടിയാൻ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് കോളേജിലെ ഇത്തരം പ്രവർത്തികൾക്കെതിരെ ശബ്ദമുയർത്തിയാൽ മാനേജ്മെന്റിന്റെ വിദ്യാർത്ഥികളോടുള്ള നിയമവിരുദ്ധമായ പ്രവർത്തികൾ ചോദ്യം ചെയ്യപ്പെടുമെന്നുള്ള ആശങ്കയാലും കോളേജിന്റെ നടത്തിപ്പിൽ മാനേജ്മെന്റിന്റെ തന്നിഷ്ടപ്രകാരമുള്ള പ്രവർത്തികൾ ചോദ്യം ചെയ്യപ്പെടുമെന്നുള്ള ധാരണയാലും ജിഷ്ണു പ്രണോയ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികളുടെ മേൽ മാനേജ്മെന്റ് സ്വീകരിച്ചുവരുന്ന ഗൂഢാലോചനയുടെ ഭാഗമായി ജിഷ്ണു പ്രണോയിയെ മാനസികമായും ശാരീരികമായും തളർത്തി നിർവീര്യമാക്കണമെന്നുള്ള ഉദ്ദേശ്യത്തോടും കരുതലോടും കൂടി പ്രതികൾ ഗൂഢാലോചന നടത്തി 06/01/2017-ാം തീയതി വൈകുന്നേരം 2 മണി മുതൽ 5 മണിവരെ പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് നടന്ന 1-ാം സെമസ്റ്റർ കമ്പ്യൂട്ടർ സയൻസ് ഫിസിക്സ് പരീക്ഷ എഴുതിക്കൊണ്ടിരിക്കെ മരണപ്പെട്ട ജിഷ്ണു പ്രണോയ് മുൻവശത്തിരിക്കുന്ന കുട്ടിയിൽ നിന്നും പരീക്ഷയുടെ ഉത്തരങ്ങൾ കോപ്പിയടിച്ചു എന്ന് സത്യവിരുദ്ധമായും കളവായും ആരോപിച്ച് ക്ലാസ് റൂമിലെ ഇൻവിജിലേറ്റർ ആയിരുന്ന 4-ാം പ്രതിയായ പ്രവീൺ സി.പി.യും |

പരീക്ഷാ ഹാളിലേയ്ക്ക് കടന്നുവന്ന 5-ാം പ്രതി ദിപിനും ചേർന്ന് ജിഷ്ണു പ്രണോയിയെ സ്പീക്കിംഗ് ടേബിളിനടുത്തേയ്ക്ക് വിളിച്ചു വരുത്തി ഒന്നുകിൽ ആൻസർ ഷീറ്റ് വെട്ടുക അല്ലെങ്കിൽ 3 സെമസ്റ്റർ ഡീബാർ ചെയ്യുമെന്ന് വളരെ പരുഷമായി പറഞ്ഞ് ഭീഷണിപ്പെടുത്തുകയും കോപ്പിയടിച്ചിട്ടില്ലെന്ന് കരഞ്ഞ് പറഞ്ഞിട്ടും ജിഷ്ണു പ്രണോയിയെ ആൻസർ പേപ്പർ മുഴുവനായി നിർബന്ധിച്ച് പേനകൊണ്ട് വെട്ടികളയുകയും കൈകൊണ്ട് ദേഹത്ത് പിച്ചി ശാരീരികമായി ദേഹോപദ്രവമേൽപ്പിക്കുകയും തുടർന്ന് 2-ാം പ്രതി സഞ്ജിത്ത് കെ.വി. 3-ാം പ്രതിയായ ശക്തിവേലിനോട് നിർദ്ദേശിച്ച പ്രകാരം മരണപ്പെട്ട ജിഷ്ണു പ്രണോയിയെ കൂടുതൽ മാനസികമായി തകർക്കാൻ 3-ാം പ്രതി ചെയ്യാത്ത കുറ്റത്തിന് ജിഷ്ണു പ്രണോയിയെ വീണ്ടും കുറ്റപ്പെടുത്തുകയും ഡീബാർ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും, രണ്ട് ബ്ലാങ്ക് പേപ്പറുകളിൽ ഒപ്പിട്ടുവിച്ച് വാങ്ങുകയും ചെയ്തതിലും, കോപ്പിയടിച്ച എന്നതിന് യാതൊരു തെളിവുമില്ലെങ്കിലും 3 സെമസ്റ്റർ നഷ്ടപ്പെട്ടാൽ തന്റെ ജീവിതവും വിദ്യാഭ്യാസവും തകർന്നു പോകുമെന്ന് പറഞ്ഞ് കരഞ്ഞ് കാലുപിടിച്ച് കേണപേക്ഷിച്ചിട്ടും ടിയാനെതിരെ നടപടി സ്വീകരിക്കുമെന്ന് ഭീഷണിപ്പെടുത്തിയതുമൂലമുള്ള മനോവിഷമം കാരണം ജിഷ്ണു പ്രണോയി 06/01/2017 തീയതി വൈകിട്ട് 6.30 മണിയ്ക്കും 6.45 മണിയ്ക്കും ഇടയ്ക്കുള്ള ഏതോ സമയത്ത് പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് മെൻസ് ഹോസ്റ്റലിലെ 9-ാം നമ്പർ റൂമിലെ ബാത്ത് റൂമിലെ വടക്ക് ഭാഗം ചുമരിലുള്ള ഇരുമ്പുകൊണ്ടുള്ള ഹുക്കിൽ തോർത്ത് ഉപയോഗിച്ച് കെട്ടിതൂങ്ങി മരണപ്പെടാൻ ഇടയാക്കിയിട്ടുള്ളതാണെന്ന് അന്വേഷണത്തിൽ വെളിവാകുന്നുണ്ട്. മരണപ്പെട്ട ജിഷ്ണു പ്രണോയിയുടെ അവസ്ഥ കണ്ടില്ലെന്ന് നടിച്ച് ടിയാനെ ഇങ്ങനെ വിട്ട് കഴിഞ്ഞാൽ മനോവിഷമം ഉണ്ടായി ആത്മഹത്യ അടക്കമുള്ള സംഗതികളിൽ ഏർപ്പെട്ട് ജീവന് ഭീഷണി ഉണ്ടാകുമെന്ന് പൂർണ്ണ അറിവ് ഉണ്ടായിട്ടും പ്രതികൾ കുറ്റകരമായി പ്രവർത്തിച്ചതായി വെളിവായിട്ടുണ്ട്.

പ്രസ്തുത കേസിൽ ആരെയെല്ലാമാണ് (ബി) പ്രതി ചേർത്തിരുന്നത്; അവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

ഇത് സംബന്ധിച്ച കേസ്സിന്റെ ആദ്യഘട്ടത്തിൽ u/s. 174 Cr.PC പ്രകാരം അസ്വാഭാവിക മരണത്തിനാണ് കേസ് രജിസ്റ്റർ ചെയ്തിരുന്നത്. കേസിന്റെ തുടരന്വേഷണത്തിൽ സെക്ഷൻ 120(b), 384, 306, 323, 465, 468, 471, 201 r/w 34 IPC പ്രകാരമുള്ള കുറ്റകൃത്യം നടന്നതായി വെളിവായിട്ടുള്ളതിനാൽ മേൽപ്പറയുന്ന

സെക്ഷനുകൾ കേസിൽ കൂട്ടിച്ചേർത്ത് അന്വേഷണം നടത്തി വരുന്നു. ടി കേസ്സിലെ പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.
1) കൃഷ്ണദാസ്, S/o. പി.കെ. ദാസ് (Chairman, Nehru Group of Institutions) 2) സഞ്ജിത്ത് കെ.വി. @ കണ്ണൻ, S/o. കെ.പി. വിശ്വനാഥൻ (PRO, Nehru College of Engineering and Research Centre, Pambadi, Thrissur District) 3) ശക്തിവേൽ, S/o. കുപ്പുസ്വാമി (Vice Principal, Nehru College of Engineering and Research Centre, Pambadi) 4) പ്രവീൺ സി.പി. S/o. പ്രഭാകരൻ (Asst. Professor, Nehru College of Engineering and Research Centre, Pambadi) 5) ദിപിൻ, S/o. ദിലീപ് കുമാർ (Asst. Professor, Nehru College of Engineering and Research Centre, Pambadi)

(ബി) പോസ്റ്റ്മോർട്ടം റിപ്പോർട്ട്, (സി) രാസപരിശോധനാഫലം ഇവയുടെ അടിസ്ഥാനത്തിൽ മരണകാരണം എന്തായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ: വിശദാംശം ലഭ്യമാക്കുമോ?

ജിഷ്ണു പ്രണോയ് കെട്ടി തൂങ്ങിയതിൽ വച്ചാണ് മരണപ്പെട്ടിട്ടുള്ളതെന്ന് പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. രാസപരിശോധനാഫലത്തിലുള്ള അന്വേഷണം നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**